ക്ഷീരോല്പാദക സഹകരണ സംഘങ്ങളിൽ നിലവിലുള്ള അംഗങ്ങൾ

77 [4813] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ ക്ഷീരോല്പാദക സഹകരണ സംഘങ്ങളിൽ എത്ര അംഗങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇവരിൽ സ്ത്രീകളുടേയും പുരുഷൻമാരുടേയും എണ്ണം എത്ര വീതമെന്ന് വ്യക്തമാക്കാമോ;

(സി) തിരുവനന്തപുരം ജില്ലയിലെ ക്ഷീരോല്പാദക സംഘങ്ങൾവഴി പ്രതിദിനം ശേഖരിക്കുന്ന പാലിന്റെ അളവ് എത്രയാണ്;

(ഡി) ഇവരിൽ അംഗങ്ങളായവരും അംഗങ്ങളല്ലാത്തവരും നൽകുന്ന പാലിന്റെ അളവ് പ്രത്യേകിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) 121,968 അംഗങ്ങൾ ഉണ്ട്.

(ബി) സ്ത്രീകൾ .. 21,914
പുരുഷൻമാർ .. 100,054

(സി) 139498 ലിറ്റർ.

(ഡി) അംഗങ്ങൾ നൽകുന്ന പാൽ .. 122758 ലിറ്റർ
അംഗങ്ങളല്ലാത്തവർ നൽകുന്ന പാൽ .. 16740 ലിറ്റർ

കാർഷിക സർവ്വകലാശാലയ്ക്ക് ധനകാര്യ വകുപ്പ്
ഇപ്പോൾ നൽകുന്ന പ്രതിമാസ ഗ്രാന്റ്

78 [4814] ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
,, വി. ബാലറാം:
,, എൻ. ശക്തൻ:
,, എ. കെ. മണി:
,, എം. കെ. പോൾസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക സർവ്വകലാശാലയ്ക്ക് ധനകാര്യ വകുപ്പ് ഇപ്പോൾ നൽകുന്ന പ്രതിമാസ ഗ്രാന്റ് എത്രയാണ്; ഈ ഗ്രാന്റ് എന്തിനു വേണ്ടിയാണ് ഉപയോഗിക്കുന്നത്;

(ബി) കാർഷിക സർവ്വകലാശാലയിൽ യു.ജി.സി. സ്കെയിൽ ഏർപ്പെടുത്തിയതിനെത്തുടർന്നുണ്ടായ സാമ്പത്തിക ക്രമക്കേടുകളെപ്പറ്റി അന്വേഷണം നടത്തിയ ഫൈനാൻസ് ഇൻസ്പെക്ഷൻ വിംഗിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഗവൺമെന്റ് നിർദ്ദേശിച്ച നടപടികളെടുക്കാത്തതിന്റെ ഫലമായി ആ സർവ്വകലാശാലയ്ക്ക് നൽകേണ്ടിയിരുന്ന പ്രതിമാസ ഗ്രാന്റ് എത്ര പ്രാവശ്യം തടഞ്ഞുവെന്ന് പറയാമോ;

LIBRARY ARCHIVES Kerala Legislative Assembly